# 8TH STD MODEL EXAMINATION

## ഗണിതശാസ്ത്രം

**Time : 1½ Hours** **Total Score: 40**

നിർദേശങ്ങൾ

- 5 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോ ചോദ്യത്തിനും 2 സ്കോർ വീതം.** **(4 × 2 = 8)**

**1.** ചിത്രത്തിൽ ABCD സമചതുരമാണ്.അതിന്റെ ഒരു വശത്തിന്റെ നീളം 5 സെ.മീറ്ററാണ്.




a) സമചതുരത്തിന്റെ പരപ്പളവ് എന്ത്?

b) ABQP എന്ന സാമാന്തരികത്തിന്റെ പരപ്പളവ് എന്ത്?

**2.** ചിത്രത്തിലെ ത്രികോണങ്ങളിൽ തുല്യമായ 2 ജോടി കോണുകൾ എഴുതുക.




**3.** ഒരു സംഖ്യയുടെ 7 മടങ്ങിൽ നിന്ന് 5 കുറച്ചപ്പോൾ 30 കിട്ടി. സംഖ്യ n എന്നെടുത്ത് ഇതിനെ സമവാക്യരൂപത്തിൽ എഴുതുക.

**4.** a) n വശങ്ങളുള്ള ഒരു ബഹുഭുജത്തിന്റെ കോണുകളുടെ തുക കാണുന്നതിനുള്ള സൂത്രവാക്യം എന്ത്?

b) 5 വശങ്ങളുള്ള ഒരു ബഹുഭുജത്തിന്റെ കോണുകളുടെ തുക എത്ര?

**5.** (a) - 3 × 4 = ____________

(b) 5 - (-2) = ____________

**6 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോ ചോദ്യത്തിനും 3 സ്കോർ വീതം.** **(4 × 3 = 12)**

**6.** 3.25 സെന്റിമീറ്റർ ആരമുള്ള വൃത്തം വരയ്ക്കുക.

**7.** ABCD ഒരു സമചതുരമാണ്. BE = BC = 6 സെന്റീമീറ്റർ

a) AE യുടെ നീളമെന്ത് ?

b) AECD എന്ന ലംബകത്തിന്റെ പരപ്പളവ് കണക്കാക്കുക




**8.** വിട്ടഭാഗം പൂരിപ്പിക്കുക.

(a) $a^2 - b^2$ =......... × (a - b)

(b) $100^2 - 99^2$ =......×1

(c) $(a + 1)^2 - 1^2 = (a + 2)$ × ...........

**9.** ഒരു ത്രികോണത്തിന്റെ വശങ്ങൾ തമ്മിലുള്ള അംശബന്ധം 2 : 3 : 4. ചുറ്റളവ് 36 സെന്റിമീറ്റർ. വശങ്ങളുടെ അളവുകൾ കണക്കാക്കുക.

**10.** a) ഒരു ബഹുഭുജത്തിന്റെ ഒരു മൂലയിലെ അകക്കോണിന്റെയും, പുറംകോണിന്റെയും അളവുകളുടെ തുക എന്താണ് ?

b) ഒരു സമബഹുഭുജത്തിന്റെ ഒരു അകക്കോണിന്റെ അളവ് 135° ആണ്. അതിന് എത്ര വശങ്ങൾ ഉണ്ടാകും?

**11.** ഒരു ക്ലബ്ബിലെ അംഗങ്ങളുടെ പ്രായം സൂചിപ്പിക്കുന്ന പട്ടിക നോക്കൂ.

a) ക്ലബ്ബിൽ ആകെ എത്ര അംഗങ്ങളുണ്ട്?

b) ഓരോ വിഭാഗത്തിന്റെയും വലിപ്പം എത്ര?

c) 40 നും 60 നും ഇടയിൽ പ്രായമുള്ളവർ എത്ര?

| പ്രായം | അംഗങ്ങളുടെ എണ്ണം |
|---|---|
| 20 - 30 | 4 |
| 30 - 40 | 8 |
| 40 - 50 | 7 |
| 50 - 60 | 5 |
| 60 - 70 | 4 |
| 70 - 80 | 2 |

**12 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോ ചോദ്യത്തിനും 4 സ്കോർ വീതം. (5 × 4 = 20)**

**12.** വാർഷികമായി 10% നിരക്കിൽ കൂട്ടുപലിശ കണക്കാക്കുന്ന ബാങ്കിൽ അനു 10,000 രൂപ നിക്ഷേപിച്ചു. രണ്ട് വർഷം കഴിഞ്ഞ് വീണ്ടും 10,000 രൂപ കൂടി നിക്ഷേപിച്ചാൽ മൂന്നാം വർഷാവസാനം അനുവിന് ലഭിക്കുന്ന തുക എന്ത്?

**13.** ഒരു പരീക്ഷയിൽ 30 കുട്ടികൾക്ക് ലഭിച്ച സ്കോർ ചുവടെ കൊടുക്കുന്നു.

21, 32, 5, 11, 35, 25, 33, 13, 26, 23

39, 44, 25, 37, 20, 7, 12, 33, 40, 9

42, 46, 16, 28, 27, 47, 37, 18, 49, 26

(a) ചുവടെ കൊടുത്ത രീതിയിൽ ആവൃത്തി പട്ടിക തയ്യാറാക്കുക.

| സ്കോർ | അടയാളം | കുട്ടികളുടെ എണ്ണം |
|---|---|---|
| 0-10<br>10-20<br>..........<br>..........<br>.......... | | |
| ആകെ | | |

(b) 30 ന് മുകളിൽ സ്കോർ ലഭിച്ച എത്ര കുട്ടികൾ ഉണ്ട്?

**14.** ചിത്രത്തിൽ ABCD ഒരു ചതുരമാണ്. AB = 8 സെന്റീമീറ്റർ, AD = 4 സെന്റീമീറ്റർ, PB = QD= 3 സെ.മീ

a) AP യുടെ നീളമെന്ത് ?

b) AQ വിന്റെ നീളമെന്ത് ?

c) APCQ വിന്റെ പരപ്പളവ് കണക്കാക്കുക.

d) AC × PQ എന്താണ് ?



**15.** ചിത്രത്തിൽ 3 തുല്യമായ സമഭുജസാമാന്തരികങ്ങൾ ചേർത്ത് വരച്ചിരിക്കുന്നു. തന്നിരിക്കുന്ന അളവിൽ ചിത്രം വരയ്ക്കുക.




**16.** ഒരു ചതുരത്തിന്റെ ചുറ്റളവ് 48 സെന്റിമീറ്റർ ആണ്. നീളവും വീതിയും തമ്മിലുള്ള അംശബന്ധം 5 : 3.

(a) നീളം + വീതി

(b) നീളവും വീതിയും കണക്കാക്കുക.

(c) വീതി 1 സെന്റിമീറ്റർ കൂട്ടിയാൽ നീളവും വീതിയും തമ്മിലുള്ള അംശബന്ധം എത്ര?

**17.**
- ഒരു സാമാന്തരികത്തിന്റെ പരപ്പളവ്, ഒരു വശത്തിന്റെയും എതിർവശത്തിന്റെ അകലത്തിന്റെയും ഗുണനഫലമാണ്.
- സമചതുരത്തിന്റെ പരപ്പളവ് വികർണവർഗത്തിന്റെ പകുതി യാണ്.
- സമഭുജസാമാന്തരികത്തിന്റെ പരപ്പളവ് വികർണങ്ങളുടെ ഗുണനഫലത്തിന്റെ പകുതിയാണ്.

a) ഒരു സമചതുരത്തിന്റെ ഒരു വികർണത്തിന്റെ നീളം 10 സെ.മീ. ആയാൽ പരപ്പളവെത്ര?

b) ഈ സമചതുരത്തിന്റെ വികർണത്തിന്റെ നീളം 2 മടങ്ങാക്കി യാൽ കിട്ടുന്ന സമചതുരത്തിന്റെ പരപ്പളവെത്ര?

c) പരപ്പളവ് എത്ര മടങ്ങായി?

d) ഒരു സമഭുജസാമാന്തരികത്തിന്റെ വികർണങ്ങൾ 10 സെ. മീ., 20 സെ. മീ. ആയാൽ അതിന്റെ പരപ്പളവെന്ത്?

**18.** തന്നിരിക്കുന്ന ഗണിതാശയം വായിച്ച് മനസ്സിലാക്കി തുടർന്നുവരുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

$2^2 + 1^2 = 3^2 - 2 \text{ x } (2 \times 1)$

$3^2 + 2^2 = 5^2 - 2(3 \times 2)$

$4^2 + 3^2 = 7^2 - 2(4 \times 3)$

രണ്ട് സംഖ്യകളുടെ വർഗങ്ങളുടെ തുക, സംഖ്യകളുടെ തുകയുടെ വർഗത്തിൽ നിന്നും സംഖ്യകളുടെ ഗുണനഫലത്തിന്റെ രണ്ട് മടങ്ങ് കുറയ്ക്കുന്നതിന് തുല്യമാണ്.

(a) അടുത്ത വരി എഴുതുക.

(b) $8^2 + 7^2 = 15^2 - 2 \times$ (............)

(c) $20^2 + 10^2 =$ ................ - 2 × (............)

(d) $a^2 + b^2 =$ .................

★★★